**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3302** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എല്ലാവർക്കും ഭൂമി എല്ലാവർക്കും ഭൂരേഖ എന്ന പദ്ധതിയോടൊപ്പം എല്ലാ സേവനങ്ങളും ഡിജിറ്റലാക്കുന്നതിനായി റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങൾക്കും സ്മാർട്ട് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി ക്രിയാത്മകമായ വിവിധ പദ്ധതികളാണ് റവന്യൂ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. എല്ലാവർക്കും ഭൂമി കണ്ടെത്തുന്നതിനായി സംസ്ഥാനത്ത് ഓരോ വില്ലേജിലും നിലവിലുള്ള ഭൂരഹിതരുടെ വിവരം ഭൂമിയുടെ ലഭ്യത പട്ടയവിതരണത്തിനുള്ള തടസ്സം എന്നീ വിവരങ്ങൾ ഉൾപ്പെടുന്ന ഒരു ഡാഷ്ബോർഡ് തയ്യാറാക്കുന്നതിനും അതിലൂടെ പട്ടയവിതരണത്തിനുള്ള തടസ്സം കണ്ടെത്തി പരിഹരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. ലാൻഡ് ബോർഡുകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി കേരളത്തിലെ ലാൻഡ് ബോർഡുകളെ നാലു മേഖലകളായി തിരിച്ച് ഓരോ ലാൻഡ് ബോർഡിന്റെയും ചുമതല ഓരോ ഡെപ്യൂട്ടി കളക്ടർമാർക്ക് നൽകുന്ന കാര്യവും പരിഗണനയിലാണ്. ലാൻഡ് ട്രിബ്യൂണൽ കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ജീവനക്കാർക്കുള്ള പരിശീലന പരിപാടിയും അദാലത്തും നടന്നു വരുന്നു. സേവനങ്ങൾ സ്മാർട്ടാക്കുന്നതിനായി കേരളം മുഴുവൻ ഡിജിറ്റലായി സർവ്വെ ചെയ്ത് ഭൂമിയുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്ക് RKI -ൽ ഉൾപ്പെടുത്തി 807.98 കോടി രൂപയുടെ പദ്ധതി തയ്യാറാക്കുകയും ആദ്യ ഘട്ടമായി 339.438 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വില്ലേജ് ഓഫീസിൽ നിന്നും പൊതു ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളായി സർട്ടിഫിക്കറ്റ് വിതരണം പോക്കുവരവ്, തണ്ടപ്പേർ പകർപ്പ്, ലോക്കേഷൻ സ്കെച്ച്, എഫ്.എം.ബി എന്നിവ ഓൺലൈനായി അനുവദിക്കുന്നതിനുള്ള മൊഡ്യൂൾ എന്നിവ |

| | | | |
|---|---|---|---|
| | | | ഓൺലൈനായി സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ സമഗ്ര ദുരിതാശ്വാസ മാനേജ്മെന്റ് സംവിധാനമായ റിലീഫ് , പൊതുജനങ്ങൾക്കുള്ള വിവിധ പരാതികൾ റവന്യൂ മന്ത്രിയ്ക്കും മറ്റ് ഓഫീസുകളിലും സമർപ്പിക്കുന്നതിനുള്ള മിത്രം, റവന്യൂ റിക്കവറി നടപടികൾക്കായുള്ള ആർആർ ഓൺലൈൻ എന്നീ പോർട്ടലുകളും സജ്ജമാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഭൂനികുതി അനായാസേന മൊബൈൽ ഫോൺ വഴി ഒടുക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷനും എല്ലാ തുകയും കാഷ് ലെസ്സായി ഓൺലൈനായോ യു.പി.ഐ മുഖേനയോ ഇ പോസ് മെഷ്യൻ മുഖേനയോ ഒടുക്കുന്നതിനുള്ള ഇ പേയ്മെന്റ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. ബിൽഡിംഗ് ടാക്സ് ഓൺലൈനായി ഒടുക്കുന്നതിനുള്ള കെബിറ്റി മാനേജ്മെന്റ് സിസ്റ്റം, റവന്യൂ വകുപ്പിൽ നിന്ന് അനുവദിക്കുന്ന ക്ഷേമ പെൻഷനുകൾ ഓൺലൈനായി നൽകുന്നതിനുള്ള മൊഡ്യൂൾ എന്നിവ സജ്ജമാക്കുകയും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള അപേക്ഷകൾ ഓൺലൈനായി നൽകുന്നതിനുള്ള പോർട്ടൽ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നിസ്സാരകാരണങ്ങളാൽ നാളിതുവരെ ഭൂരേഖയോ പട്ടയമോ ലഭിക്കാത്തവരുടെ പരാതികൾ പരിശോധിച്ച് അവയ്ക്ക് സ്ഥായിയായ പരിഹാരമുണ്ടാക്കുന്നതിനായി താലൂക്ക് അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിയ്ക്കുന്ന കാര്യം പരിഗണിയ്ക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | നിലവിലുള്ള അർഹരായ അപേക്ഷകൾ കേരള ഭൂമിപതിവ് ചട്ടങ്ങൾ അനുസരിച്ച് ലാൻഡ് അസൈൻമെന്റ് കമ്മിറ്റിയിൽ വച്ച് അംഗീകാരം തേടേണ്ടതുണ്ട്. നവംബർ മാസം 1-ാം തീയതി തന്നെ എല്ലാ ജില്ലകളിലും പുതിയ ഭൂമിപതിവ് കമ്മിറ്റികൾ രൂപീകരിക്കണമെന്ന ഉദ്ദേശത്തോടു കൂടി ഭൂമിപതിവ് കമ്മിറ്റി രൂപീകരണത്തിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ലാൻഡ് ട്രിബ്യൂണൽ പട്ടയം വിതരണം ചെയ്യുന്നത് സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുന്നതിന് പ്രസ്തുത ഓഫീസുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് ആവശ്യമായ പരിശീലനവും, പട്ടയവിതരണം വേഗത്തിലാക്കുന്നതിന് കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. പട്ടയ വിതരണം സംബന്ധിച്ച നടപടികൾ സുഗമവും, വേഗത്തിലുമാക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിലേക്കുമായി ഒരു അവലോകന കമ്മിറ്റി രൂപീകരിച്ച് ആയതിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ വില്ലേജിലും ലഭ്യമായ ഭൂരഹിതരുടെ വിവരങ്ങളും ഭൂമിയുടെ ലഭ്യതയും പട്ടയവിതരണത്തിലുള്ള തടസ്സങ്ങളും ഉൾപ്പെടുത്തി ഒരു ഡാഷ് ബോർഡ് തയ്യാറാക്കുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ